(സി) ബോട്ട് വിതരണം ചെയ്ത വകയിൽ സർക്കാരിന് ഇനിയും പിരിഞ്ഞുകിട്ടാൻ ബാക്കി നിൽക്കുന്ന തുക എത്രയാണ് ;

(ഡി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) 950 ബോട്ടുകൾ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	148
കൊല്ലം	147
ആലപ്പുഴ	24
എറണാകുളം	114
തൃശ്ശൂർ	74
മലപ്പുറം (പൊന്നാനി)	152
കോഴിക്കോട്	112
കണ്ണൂർ	135
കാസർഗോഡ്	44

(ബി) 28 ബോട്ടുകൾ.

(സി) 4,57,99,071 രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ഡി) കുടിശ്ശിക ഉള്ളവരോട് തുക തിരിച്ചടയ്ക്കാൻ നിരന്തരം ആവശ്യപ്പെടാറുണ്ട്. കുടിശ്ശിക അടയ്ക്കാൻ കഴിയാതെ വരുന്നവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

തൊഴിലാളി സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി

81 (4689) ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. സാജുപോൾ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയിൽ പ്രവർത്തനക്ഷമമായ സഹകരണ സംഘങ്ങൾ എത്ര എണ്ണമാണ് നിലവിലുള്ളത് ;

(സി) ലിക്വിഡേഷൻ നടപടികൾ ആരംഭിച്ച സഹകരണ സംഘങ്ങൾ എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പ് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഇ) മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ പുനരുദ്ധരിച്ച് മെച്ചപ്പെട്ട നിലയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് സർക്കാർ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ 179 പ്രാഥമിക സഹകരണസംഘങ്ങളും ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ കൂടിയായ ഫിഷറീസ് ഡയറക്ടറുടെ മേൽനോട്ടത്തിൽ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന 654 സംഘങ്ങളും ഉൾപ്പെടെ 833.

(സി) 828.

(ഡി) അംഗങ്ങളുടെ ക്ഷേമത്തെ ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ, കേരള സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും, ന്യൂനതകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംഘങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കുക, സംഘം ഉൾപ്പെടുന്ന തർക്കങ്ങൾ പരിഹരിക്കുക എന്നിവയ്ക്ക് വേണ്ട സഹായം ചെയ്യുന്നു. മത്സ്യഫെഡ് വഴി അംഗങ്ങൾക്ക് എൻ.സി.ഡി.സി., എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നിവയിൽനിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നു. സംഘാംഗങ്ങളായ തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾക്ക് വായ്പ, വിവിധ ഇനം സബ്സിഡികൾ, കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ വിതരണം, തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം എന്നിവ നല്കിവരുന്നു. കാലാകാലങ്ങളിൽ മത്സ്യത്തൊഴിലാളികളെയും സംഘം ഭാരവാഹികളെയും പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറുകൾ, ശില്പശാലകൾ, ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ നടത്തി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നല്കുന്നു.

(ഇ) നടപടി കൈക്കൊള്ളുന്നതാണ്.

മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതി

82 (4690) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ ;

(ബി) ഈ പദ്ധതി മുഖേന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമായി എന്തെല്ലാം പരിരക്ഷകളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രീമിയം വർദ്ധനവിനെ തുടർന്ന് ഈ പദ്ധതി പുതുക്കാതെ പോയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly